**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 368** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഐ.ടി.ഐ- യുടെ ഉടമസ്ഥാവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മുനിസിപ്പൽ പ്രദേശത്ത് പ്രവർത്തിക്കുന്ന പട്ടികജാതി വികസനവകുപ്പിന്റെ ഐ.ടി.ഐ നിലനില്ക്കുന്ന സ്ഥലം ആരുടെ ഉടമസ്ഥതയിൽ/ കൈവശം ഉള്ളതാണ് എന്ന വിവരം ലഭ്യമാക്കുമോ; | (എ) | മാവേലിക്കര മുനിസിപ്പൽ പ്രദേശത്ത് പ്രവർത്തിക്കുന്ന പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ നിലനിൽക്കുന്ന സ്ഥലം പട്ടികജാതി വികസന വകുപ്പിന്റെ കൈവശത്തിലുള്ളതും റവന്യൂ രേഖകൾ പ്രകാരം ബ്ലോക്ക് നമ്പർ 85 റീസർവ്വേ നമ്പർ 16/14 പ്രകാരമുള്ള പുറമ്പോക്ക് ഭൂമിയുമാണ്. |
| (ബി) | തെക്കേക്കര വില്ലേജ് പരിധിയിലുള്ള ഐ.ടി.ഐയും അതിനോട് ചേർന്ന് കിടക്കുന്നതും അങ്കണവാടി ഉൾപ്പെടെ പ്രവർത്തിക്കുന്നതുമായ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തദ്ദേശസ്വയംഭരണ വകുപ്പിനാണോയെന്ന് വ്യക്തമാക്കാമോ; വിശദ വിവരം ലഭ്യമാക്കുമോ? | (ബി) | തെക്കേക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ -85 റിസർവ്വേ 16/14 -ൽ ഉൾപ്പെട്ട 35.65 ആർസ് വസ്തു സർക്കാർ പുറമ്പോക്ക് ആണ്. ഇതിൽ 20.75 ആർ വസ്തു മാവേലിക്കര നഗരസഭയിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്റെ സർവ്വേ നമ്പർ ആയ 64/32 ആണ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ